(ബി) ഇക്കാലയളവിൽ ഏതെങ്കിലും വകുപ്പിൽ പെരുമാറ്റച്ചട്ടം മറികടന്ന് ജീവനക്കാർ/അദ്ധ്യാപകർ എന്നിവരെ സ്ഥലം മാറ്റിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ അടിയന്തര സാഹചര്യം വിശദമാക്കാമോ ;

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ച മേലധികാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2015 നവംബർ 2,5 തീയതികളിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം 7-10-2015-ലാണ് പുറപ്പെടുവിച്ചത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനം നടത്തിയ 3-10-2015 മുതൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുകയും വോട്ടെടുപ്പ് അവസാനിച്ച 5-11-2015-നുശേഷം പെരുമാറ്റച്ചട്ടത്തിൽ ഇളവ് അനുവദിക്കുകയും 9-11-2015-നുശേഷം പെരുമാറ്റച്ചട്ടം അവസാനിക്കുകയും ചെയ്തു.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക

52 (57) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ നിയമസഭാ, ലോക്സഭാ മണ്ഡലത്തിലെയും ഒബ്സർവർ ആരായിരുന്നു എന്നും ഇവരുടെ താമസ, ഭക്ഷണ, യാത്രാ ചെലവുകൾ എത്രയായിരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരിശോധനയിൽ അനധികൃതമായി കൊണ്ടുപോകുകയായിരുന്ന എത്ര രൂപ പിടിച്ചെടുത്തിരുന്നു എന്നും എവിടെയെല്ലാം വച്ച് ആരിൽ നിന്നൊക്കെയാണ് പിടിച്ചെടുത്തത് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പണം എന്തുചെയ്തു എന്നും ഇതു സംബന്ധിച്ച് ആർക്കെതിരെയെങ്കിലും കേസെടുക്കുകയുണ്ടായെങ്കിൽ അതിന്റെ വിശദാംശവും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ 100,49,96,723 (നൂറുകോടി നാൽപ്പത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുനൂറ്റി ഇരുപത്തിമൂന്നു രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി-ഡി) വിശദാംശം അനുബന്ധം 1,2,3 ആയി ചേർത്തിരിക്കുന്നു.*

ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന്

53 (58) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുക വേണമെന്നാണ് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഇതിനായി എത്ര രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്, വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്ന വിഷയം പഠിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ആയത് പരിശോധിച്ച് ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി മാനദണ്ഡങ്ങൾ ബാധകമാക്കി സ.ഉ. (എംഎസ്.)നമ്പർ 298/14/ആ.ക.വ. തീയതി 10-10-2014 പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ദുരിത ബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനായി ആദ്യഘട്ടമായി 50,000 രൂപ വരെയുള്ള കടബാധ്യതകൾക്കായി 1,51,25,735 രൂപയും 2-ാം ഘട്ടമായി 2 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾക്കായി 3,51,01,843 രൂപയും മൂന്നാം ഘട്ടമായി 3 ലക്ഷം വരെയുള്ള കടബാധ്യതകൾക്കായി 5,88,49,070 രൂപയും ഉൾപ്പെടെ ആകെ 10,90,76,648 രൂപ പിൻവലിക്കുന്നതിനും വകമാറ്റി ചെലവഴിക്കുന്നതിനും അനുമതിതരണമെന്ന് കാസർഗോഡ് ജില്ലാകളക്ടർ ആവശ്യപ്പെടുകയും ആയത് സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly